Reg. No. : ....................................

Name : ........................................

**SME-08**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2020

Part – II

Time : $2\frac{1}{2}$ Hours

## മലയാളം

Cool-off time : 15 Minutes

## (MALAYALAM)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് 2 ഉത്തരം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

1. "നല്ലതായിരിപ്പവൻ നല്ലതുഗ്രഹിച്ചീടും" – എന്ന ആശയത്തിന് യോജിച്ചവ എടുത്തെഴുതുക.

   - ആന ശുദ്ധജലത്തിൽ കുളിച്ചാൽ തൃപ്തിയടയും
   - കണ്ണാടികണ്ടാലും വിരൂപൻമാർ സന്തോഷിക്കും
   - അരയന്നം പാലും വെള്ളവും കലർന്നതിൽ നിന്ന് പാൽ മാത്രം കുടിയ്ക്കും
   - സജ്ജനങ്ങൾ കുറ്റമുള്ളവരേയും നിന്ദിക്കുകയില്ല

2. പുലിക്കോട്ടിൽ ഹൈദറുടെ കവിതയുടെ സവിശേഷതകളായിവരുന്ന സൂചനകൾ ഏതെല്ലാം

- നാട്ടുകഥകൾക്ക് പ്രാധാന്യം നല്കി
- ഭക്തിയാണ് രചനകളെ പ്രചോദിപ്പിച്ചിരുന്നത്
- മതേതരമായ ഇതിവൃത്തങ്ങൾ തിരഞ്ഞെടുത്തു
- വാമൊഴി ഭാഷ കൃതികളിൽ ഒഴിവാക്കി

3. 'ഗൗളിജന്മം' എന്ന കഥയിലെ 'സന്ദർശ'കയുടെ സവിശേഷതയായിവരുന്ന രണ്ടു പ്രസ്താവനകൾ എടുത്തെഴുതുക.

- മറ്റുള്ളവർക്ക് ആശ്വാസം നല്കുന്നു
- മറ്റുള്ളവരുടെ ദുഃഖത്തിൽ സന്തോഷം കണ്ടെത്തുന്നു
- നിർദ്ദയമായി സംസാരിക്കുന്നു
- ശുഭാപ്തി വിശ്വാസം പുലർത്തുന്നു

4. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിൽ പ്രത്യക്ഷപ്പെടുന്ന ആക്ഷേപഹാസ്യത്തിന് കാരണമായവ കണ്ടെത്തുക

- അധികാരത്തിന്റെ ജീർണ്ണത
- ജാതീയമായ വിവേചനം
- ഭരണത്തിലെ ഉപജാപക വൃന്ദം
- കച്ചവട ലോകത്തിന്റെ കടന്നുകയറ്റം

5. പരമ്പരാഗത മാധ്യമങ്ങളിൽ നിന്ന് നവമാധ്യമങ്ങളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം

- വാർത്തകൾ എഡിറ്റുചെയ്ത് മാത്രം അവതരിപ്പിക്കുന്നു.
- ശിക്ഷണം ലഭിക്കാത്തവർക്കും വാർത്ത പ്രസിദ്ധീകരിക്കാം.
- അഭിപ്രായങ്ങൾ തത്സമയം അവതരിപ്പിക്കാൻ കഴിയില്ല.
- വാർത്തകൾ ഉത്ഭവിക്കുന്നിടത്തു നിന്നുതന്നെ പൊതുസമൂഹത്തിലെത്തിക്കാം.

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

6. ടോട്ടോയും ജോവലും നിശ്ചയദാർഢ്യമുള്ളവരാണെന്ന് തെളിയിക്കുന്ന രണ്ട് സന്ദർഭങ്ങൾ എഴുതുക.

7. സച്ചിന് ശ്രീലങ്കൻ സർക്കാർ കൊടുത്തുവിട്ട പുരസ്കാരം ശ്രദ്ധേയമായിത്തീർന്നത് എന്തുകൊണ്ടാകാം.

8. യമുനോത്രിയിലെ 'സൂര്യകുണ്ഡി'ന് എങ്ങനെയെല്ലാമാണ് പ്രാധാന്യം കൈവരുന്നത് ?

9. കലാമണ്ഡലത്തിലെത്തി ഒരു വർഷം പിന്നിട്ടപ്പോൾതന്നെ പരിഹാസം കലർന്ന വാക്കും നോക്കും അതിജീവിക്കാൻ ഹൈദരലിയ്ക്ക് സാധിച്ചതെന്തുകൊണ്ട് ?

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വിതം.** **(5 × 4 = 20)**

10. കേശിനി ബുദ്ധിമതിയും ഔചിത്യമുള്ളവളുമാണെന്ന് തെളിയിക്കുന്ന സൂചനകളെന്തെല്ലാം? വ്യക്തമാക്കുക.

11. കലാമണ്ഡലം ഹൈദരലിയുടെ ജീവിതത്തിൽ അദ്ദേഹത്തിന്റെ 'ബാപ്പ' സ്വധീനിച്ചതെങ്ങനെ ? പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

12. 'ഓരോ കച്ചവടക്കാരനും അവനവന്റെ കട കഴിയുന്നത്ര ഭാവനാപൂർണ്ണമായി വെളിച്ചംകൊണ്ടു നിറയ്ക്കാൻ ബദ്ധപ്പെട്ടിട്ടുണ്ടെന്ന് ദിവാകരൻ ശ്രദ്ധിച്ചു.'

കടകൾ വെളിച്ചം കൊണ്ട് നിറച്ചിരിക്കുന്നത് ഭാവനാപൂർത്തീകരണത്തിന് മാത്രമാണോ ? വിശകലനം ചെയ്ത് അഭിപ്രായക്കുറിപ്പ് തയാറാക്കുക.

13. ജാതക ദോഷമാണ് തന്റെ എല്ലാ കുറവുകൾക്കും കാരണമെന്ന ശീലാവതിയുടെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

14. മാധ്യമങ്ങളിലെ ഭാഷാരീതി കുറ്റമറ്റതായിരിക്കണമെന്ന് പറയുന്നതിന്റെ യുക്തി എന്ത് ? വ്യക്തമാക്കുക.

15. ബദരീപുരിയെ എസ്.കെ. പൊറ്റെക്കാട്ട് വിശേഷിപ്പിക്കുന്നത് 'പൗരാണിക സ്മരണകളുടെ പൂങ്കാവനം' എന്നാണ്. ഈ വിശേഷണം എത്രമാത്രം ഉചിതമാണ് ? കുറിപ്പ് തയാറാക്കുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (4 × 6 = 24)**

16. വില്പനയ്ക്ക് ചരക്കുകളും പേറി

വില്പനക്കാർ വരുന്നു പോകുന്നു

തങ്ങളെത്തന്നെ വില്ക്കുന്നു വീണ്ടും

തങ്ങളെത്തന്നെ വിലപേശി നില്പൂ

*(കുരുക്ഷേത്രം – അയ്യപ്പ പ്പണിക്കർ)*

ലോകം ഒരു വിപണിയായി മാറിയിരിക്കുന്നുവെന്നും അവിടെ എല്ലാം കച്ചവടച്ചരക്കുകൾ മാത്രമാണെന്നുമുള്ള 'കവിതാഭാഗത്തെ ആശയം 'അവകാശങ്ങളുടെ പ്രശ്നത്തിൽ' എത്രത്തോളം പ്രതിഫലിക്കുന്നു ? പരിശോധിച്ച് കുറിപ്പെഴുതുക.

17. 'മറിയക്കുട്ടിയുടെ കത്ത്' സാമൂഹിക പരിഷ്കരണത്തിന് വേണ്ടിയുള്ള ബോധപൂർവ്വമായ രചനയാണോ ? നിഗമനങ്ങൾ അവതരിപ്പിക്കുക.

18. അയുക്തി ഹാസ്യത്തിന് കാരണമാകുന്നതിന് ഉദാഹരണമായി 'മോഷണം', 'തേങ്ങ' എന്നീ കവിതകളെകാണാനാവും. താരതമ്യം ചെയ്ത് ലഘു ഉപന്യാസം തയാറാക്കുക.

19. വ്യക്തിത്വവും ആത്മാഭിമാനവും സംരക്ഷിക്കാനുള്ള ശകുന്തളയുടെ ആഗ്രഹം തന്നെയാണോ ഗൗളിജന്മത്തിലെ പെൺ ഗൗളിയിലും കാണുന്നത് ? വിശകലനം ചെയ്യുക.

20. സച്ചിൻ ടെണ്ടുൽക്കർ എന്ന കായികതാരത്തേയും വ്യക്തിയേയും അവതരിപ്പിക്കുന്നതിന് ഫീച്ചറിന്റെ സാധ്യത എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നുണ്ട്? വിലയിരുത്തുക.

(സൂചനകൾ : നാടകീയത, വൈകാരികത, ആലങ്കാരികമായ ഭാഷ)

**താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

കൈതപ്പൂമണം മോന്തി
    മദിക്കും കാറ്റേ ! ചാരു-
കൈരവമലരിനെ
    നൃത്തമാടിക്കും കാറ്റേ !
എതിരേല്ക്കുവാൻ, നിന്നെ-
    സ്സൽക്കരിക്കുവാനെന്റെ
കുടിലിൻ മുറ്റത്തൊരു
    തുളസിച്ചെടി മാത്രം !
അറ്റത്തു വിരിയുന്ന
    പൂക്കളിൽ മാത്രം മണ
മിറ്റിച്ചു നില്ക്കുന്നത-
    ല്ല, ടിതൊട്ടറ്റത്തോളം,
തണ്ടിലും തളിരിലും
    പാഴിലകളിൽ പ്പോലും
തൻ കരൾത്താരിൻ ഗന്ധം
    തുളുമ്പിത്തുടിക്കുന്നൂ !
പാവനമീ ഗന്ധത്തിൻ-
    ഗംഗയിൽ സ്നാനം ചെയ്‌വാൻ
ഈ വഴി, യിന്നല്ലെങ്കി-
    ലൊരുനാൾ വരില്ലേ നീ ?

*(തുളസി – ഒ.എൻ.വി. കുറുപ്പ്)*

21. കവി കാറ്റിനെ അഭിസംബോധന ചെയ്യുന്നത് എങ്ങനെ ?

22. മറ്റുചെടികളിൽ നിന്ന് തുളസിക്കുള്ള വ്യത്യാസം കണ്ടെത്തി എഴുതുക.

23. തുളസിയ്ക്ക് കവി നല്കുന്ന വിശേഷണങ്ങൾ ഉചിതമാണോ ? അഭിപ്രായം കുറിയ്ക്കുക.

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

24. 'നമ്മുടെ പരിസ്ഥിതിയുടെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളും പോയ്മറഞ്ഞ സൗഭാഗ്യങ്ങളും നാളയെക്കുറിച്ചുള്ള ശുഭപ്രതീക്ഷകളുമാണ് കിരാതവൃത്തത്തിലെ കാട്ടാളനിലൂടെ അവതരിപ്പിക്കുന്നത്' വിശകലനംചെയ്ത് നിരൂപണം തയാറാക്കുക.

25. പ്രതീതിയാഥാർത്ഥ്യത്തിലേക്ക് മാത്രം ചുരുങ്ങിപ്പോകുന്ന ഒരു വ്യക്തിയുടെ അവസ്ഥാപരിണാമങ്ങളാണോ 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗത്ത് കാണാനാകുന്നത്. പരിശോധിച്ച് ഉപന്യാസം തയാറാക്കുക.

26. 'സർവ്വകാലത്തും പ്രസക്തമായ വിഷയമാണോ അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിൽ പ്രതിപാദിക്കുന്നത്'. നാടകം വിശകലനം ചെയ്ത് ഉപന്യസിക്കുക.

---